**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 205 — 28-05-2019- ൽ മറുപടിയ്ക്ക്

## കൊട്ടിക്കലാശവുമായി ബന്ധപ്പെട്ട് കൊണ്ടോട്ടിയിലെ പോലീസ് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.ടി.വി. ഇബ്രാഹിം** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിൽ പ്രചരണ കൊട്ടിക്കലാശവുമായി ബന്ധപ്പെട്ട് ഏപ്രിൽ 21-ന് കൊണ്ടോട്ടിയിൽ പോലീസിന്റെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായതായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്. കൊണ്ടോട്ടി സ്റ്റേഷൻ പരിധിയിലെ എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും യോഗം ചേർന്ന് ലോക് സഭാ ഇലക്ഷനോടനുബന്ധിച്ചുള്ള കൊട്ടിക്കലാശം ഒഴിവാക്കാൻ ധാരണയായിരുന്നു. എന്നാൽ ഇതിന് വിരുദ്ധമായി ഒരു വിഭാഗം കൊണ്ടോട്ടി ടൗൺ കേന്ദ്രീകരിച്ച് പ്രചരണം നടത്തിയതായും ആയത് തടയാതിരുന്നുവെന്നും അതേ സമയം പുളിക്കലങ്ങാടിയിൽ വച്ച് തടഞ്ഞ് അലങ്കോലപ്പെടുത്തിയതിൽ പോലീസ് കാഴ്ചക്കാരായി നോക്കി നിന്നു എന്നും സ്ഥലത്തുണ്ടായിരുന്ന എസ്.ഐ.ശ്രീ.ജാബിർ ഇടതു പക്ഷത്തിന് കൂട്ടു നിൽക്കുന്ന രീതിയിൽ പെരുമാറിയെന്നും ബഹു. കൊണ്ടോട്ടി എം.എൽ.എ. നൽകിയ പരാതിയിൽ പരാമർശിച്ചിട്ടുണ്ട്. |
| (ബി) | പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | പരാതി അന്വേഷണത്തിനും അനന്തര നടപടികൾക്കുമായി മലപ്പുറം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് അയച്ചു കൊടുത്തിട്ടുണ്ട്. |
| (സി) | തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിന് ശേഷവും കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ താമസക്കാരനായ ഒരാൾ കൊണ്ടോട്ടിയിൽ ട്രാഫിക് സബ് ഇൻസ്പെക്ടർ ആയി തുടരാനിടയായ സാഹചര്യം വിശദമാക്കാമോ; | (സി) | എസ്.ഐ.മാരുടെ കുറവ് കണക്കിലെടുത്ത് മലപ്പുറം DCB-ൽ അറ്റാച്ച് ചെയ്തിരുന്ന ഒരു സബ് ഇൻസ്പെക്ടറെ ഇലക്ഷനുമായി ബന്ധപ്പെട്ട് ഒരു പ്രവർത്തിയിലും ഏർപ്പെടരുത് എന്ന നിർദ്ദേശത്തോടു കൂടി നിയമ പരിപാലനവുമായി ബന്ധമില്ലാത്തതും ട്രാഫിക് സംബന്ധമായ ഡ്യൂട്ടിയിൽ മാത്രം ഏർപ്പെടുന്നതിന് വേണ്ടി ടിയാനെ കൊണ്ടോട്ടി ട്രാഫിക് യൂണിറ്റിൽ എസ്.ഐ. ആയി അറ്റാച്ച് ചെയ്തിരുന്നു. |

| | |
|---|---|
| (ഡി) കൊണ്ടോട്ടിയിൽ ഇലക്ഷൻ സമയത്തുണ്ടായിരുന്ന ട്രാഫിക് എസ്.ഐ.ക്കെതിരെ സർവ്വീസ് കാലയളവിൽ ഏതെങ്കിലും തരത്തിലുള്ള അച്ചടക്ക നടപടികൾ ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) ഉണ്ട്. ശ്രീ.ജാബിർ പള്ളിയാലിൽ എന്ന എസ്.ഐ.യ്ക്കെതിരെ ഒരു വാച്യാന്വേഷണം നടത്തി ടിയാനെ കുറ്റവിമുക്തനാക്കിയിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**